പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 8254 17.07.2014-ൽ മറുപടിയ്ക്ക്

പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതി ബിൽ

ചോദ്യം		ഉത്തരം	
ശ്രീ. ആർ. രാജേഷ്		ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)	
(എ) (ബി)	സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ വൈദ്യുതി ബിൽ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബിൽ കുടിശ്ശിക അടയ്ക്കാത്ത തിന്റെ ഭാഗമായി പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; മാവേലിക്കര കരിമുളയ്ക്കൽ പ്രീമെട്രിക് ഹോസ്റ്റലിലെ വൈദ്യുതി കണക്ഷൻ 2014 ജൂൺ 2-ന് വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ സംബന്ധിച്ച് അടിയന്തിരമായി അന്വേഷിക്കുമോ;	(എ) & (ബി)	ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് കരിമുളയ്ക്കൽ പ്രീമെട്രിക് ഹോസ്റ്റലിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാതിരുന്നതിനാൽ കണക്ഷൻ വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2014 ജൂൺ 2-ാം തീയതി ഹോസ്റ്റൽ തുറന്നപ്പോൾ കെ.എസ്. ഇ.ബി അധികൃതരുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കുകയും കുടിശ്ശിക അടയ്ക്കുകയും ചെയ്തിട്ടുണ്ട്.
(സി)	പ്രീമെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതിബിൽ കുടിശ്ശിക അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?	(സി)	നടപടി സ്വീകരിച്ചുവരുന്നു.

K.J

സെക്ഷൻ ആഫീസർ